# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 2963/11/12/2023/ **TVM**

പരാതികക്ഷി : ലതാകുമാരി,വിഷ്ണുവിലാസം
ഊരൂട്ടമ്പലം.പി.ഒ
തിരുവനന്തപുരം.

എതിർകക്ഷി :

ഉത്തരവ് തീയതി 01.03.2024

_________പരാതികക്ഷിയുടെ മകൻെറ മുൻ ഭാര്യ ചിത്രയുടെ ബന്ധുക്കളും ഗുണ്ടകളും ചേർന്ന് പരാതികക്ഷിയുടെ വീട്ടിൽ അതിക്രമിച്ച് കയറി ടിയാളുടെ ഭർത്താവിനെയും മകനെയും ആക്രമിച്ച് പരിക്കേൽപ്പിക്കുകയും, നിരന്തരം വധഭീഷണി മുഴക്കുകയും ചെയ്തതു സംബന്ധിച്ച് നിയമനടപടി സ്വീകരിക്കണമെന്നും മറ്റുമാണ് .പരാതി സംഗതി.

പരാതി സംഗതിയിൽ നരുവാംമൂട് സ്റ്റേഷൻ ഹൗസ് ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി നരുവാംമൂട് പോലീസ് സ്റ്റേഷൻ ക്രൈം 432/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ടിൽ പറയുന്നു

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും പരാതികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതിക്കാര്യത്തിനായി നരുവാംമൂട് പോലീസ് സ്റ്റേഷൻ അന്വേഷണം നടത്തിവരുന്ന ക്രൈം 432/2023 നമ്പർ കേസിൻെറ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി തുടർനിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നരുവാംമൂട് സ്റ്റേഷൻ ഹൗസ് ഓഫീസറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

Amritha S.V.
Registrar